## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :1240** 12-03-2015-ൽ മറുപടിക്ക്

നെല്ല് സംഭരണ കുടിശ്ശിക

**ചോദ്യം**

**ഉത്തരം**

ശ്രീ.കെ.രാധാകൃഷ്ണൻ
,, എം.ചന്ദ്രൻ
,, ബാബു എം. പാലിശ്ശേരി
,, എ.എം. ആരിഫ്

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കർഷകരിൽനിന്നും സപ്ലൈകോ വാങ്ങുന്ന നെല്ലിന് സർക്കാർ നിശ്ചയിച്ച സംഭരണ വിലയിൽ കുറവ് വരുത്തുകയുണ്ടായോ; സംഭരിക്കുന്ന നെല്ലിന് നിലവിൽ നൽകിവരുന്ന വിലയെത്ര; ഇതിൽ കേന്ദ്ര-സംസ്ഥാന വിഹിതം എത്ര വീതമാണെന്ന് അറിയിക്കാമോ; | (എ) | ഇല്ല. സപ്ലൈകോ നിലവിൽ കിലോയ്ക്ക് 19/- രൂപ നൽകിയാണ് നെല്ല് സംഭരിക്കുന്നത്. ഇതിൽ 13.60 രൂപ കേന്ദ്ര വിഹിതവും ബാക്കി 5.40 രൂപ സംസ്ഥാന വിഹിതമാണ്. |
| (ബി) | കർഷകർക്ക് എന്ത് തുക കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 2015 ഫെബ്രുവരി 15 വരെ സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും നൽകി കഴിഞ്ഞു. 2015 ഫെബ്രുവരി 15 ന് ശേഷം ലഭിച്ച PRS വേരിഫിക്കേഷൻ നടത്തി ആയതിന്റെ വില കർഷകരുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. |
| (സി) | നെല്ല് സംഭരണത്തിനായി സപ്ലൈകോയ്ക്ക് സർക്കാർ നൽകാനുള്ള ഫണ്ടിൽ കുടിശ്ശികയുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്താമോ; | (സി) | 2013-14 രണ്ടാം സീസൺ മുതൽ സംഭരിച്ച നെല്ലിന്റെ സംസ്ഥാന സർക്കാർ വിഹിതമായ **167.06** കോടി രൂപ സപ്ലൈകോയ്ക്ക് ലഭ്യമാക്കാനുണ്ട്. |
| (ഡി) | സംഭരണ വിലയിൽ കുറവ് വരുന്നതും യഥാസമയം വില ലഭിക്കാത്തതുംമൂലം കർഷകർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ: | (ഡി) | കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിശ്ചയിക്കുന്ന താങ്ങു വിലയ്ക്കാണ് സപ്ലൈകോ നെല്ല് സംഭരിക്കുന്നത്. നിശ്ചയിച്ചിട്ടുള്ള സംഭരണ വിലയിൽ കുറവ് നൽകി സപ്ലൈകോ നെല്ല് സംഭരിക്കാറില്ല. |

| | | | |
|---|---|---|---|
| | | | ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നെല്ലിന്റെ വില താമസം കൂടാതെ കർഷകർക്ക് നൽകാൻ ശ്രമിക്കാറുണ്ട്. എന്നാൽ നടപ്പ് സീസണിൽ സംഭരിച്ച നെല്ല് വില കാലതാമസം കൂടാതെ തന്നെ നൽകി വരുന്നു. |
| (ഇ) | കർഷകരുടെ കുടിശ്ശിക തീർത്ത് നൽകുന്നതിനും സംഭരണവില വർദ്ധിപ്പിക്കാനും അടിയന്തര നടപടി സ്വീകരിക്കുമോ? | (ഇ) | 2015 ഫെബ്രുവരി 15 വരെ സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും നൽകി കഴിഞ്ഞു. 2015 ഫെബ്രുവരി 15 ന് ശേഷം ലഭിച്ച PRS വേരിഫിക്കേഷൻ നടത്തി ആയതിന്റെ വില കർഷകരുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. സംഭരണവില വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ സർക്കാർ പരിശോധിക്കുന്നു. |

Beena

**സെക്ഷൻ ഓഫീസർ**